ഉത്തരം

(എ) ഇല്ല.

(ബി) സ്വകാര്യാവശ്യങ്ങൾക്കായി ഡിപ്പാർട്ടുമെൻറിന്റെ വാഹനങ്ങൾ ഉപയോഗിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

പാളയം മാർക്കറ്റിലെ പോലീസ് എയ്ഡ് പോസ്റ്റ്

127 [176] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാളയം (കണ്ണിമേര) മാർക്കറ്റിൽ ഇപ്പോൾ ഒരു പോലീസ് എയ്ഡ് പോസ്റ്റുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ മാർക്കറ്റിലെ ഡ്യൂട്ടിക്കാരായ പോലീസുകാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനങ്ങൾ തടയുക, ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതെ നോക്കുക, അട്ടിമറിശല്യം ഒഴിവാക്കുക ഇവയാണ് ഈ എയ്ഡ് പോസ്റ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ.

(സി) ഡ്യൂട്ടിയിലുള്ള പോലീസുകാരുടെ പ്രവർത്തനങ്ങൾ മേലുദ്യോഗസ്ഥൻമാർ പരിശോധിക്കയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ഉദ്യോഗനിയമനങ്ങൾക്ക് വയസ് ക്വിപ്തി

128 [177] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗ നിയമനങ്ങൾക്ക് വയസ് ക്വിപ്തി നിശ്ചയിക്കുന്ന ഇന്നത്തെ വ്യവസ്ഥ മാറ്റുവാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ?

ഉത്തരം

തൽക്കാലം നിവൃത്തിയില്ല.

പൂച്ചാക്കൽ പോലീസ് സ്റ്റേഷനിൽ പോലീസ് മർദ്ദനമേറ്റ് മരണം

129 [179] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ ഇരിക്കെ പോലീസ് മർദ്ദനമേറ്റ് ഈ വർഷം ആരെങ്കിലും മരിച്ചതായി ആക്ഷേപം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly